## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3328 — 21.12.2012-ൽ മറുപടിക്ക്

### വിളപ്പിൽശാലയിൽ മലിനജലശുദ്ധീകരണ പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | വിളപ്പിൽശാലയിൽ മലിനജലം ശുദ്ധീകരിക്കാനുള്ളയന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടോ ; | എ) | വിളപ്പിൽശാലയിൽ സ്ഥാപിക്കാനുദ്ദേശിച്ച ലീച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള മെഷിനറികൾ സ്ഥലത്ത് എത്തിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ജനങ്ങളുടെ ഭാഗത്തു നിന്നുള്ള എതിർപ്പുമൂലം നഗരസഭക്ക് തുടർന്ന് നടത്തുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) | കേരള ഹൈക്കോടതി ഇക്കാര്യത്തിൽ പോലീസ് സംരക്ഷണം നല്കേണ്ടത് സംബന്ധിച്ച് നടത്തിയ നിർദ്ദേശം എന്തായിരുന്നു; | ബി) & സി) | വിളപ്പിൽശാലയിൽ മലിനജലം ശുദ്ധികരിക്കാനുള്ള യന്ത്രങ്ങൾ ടി സ്ഥലത്ത് എത്തിക്കുന്നതിന് പോലീസ് സംരക്ഷണം നൽകണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശപ്രകാരം 13.10.2012-ൽ യന്ത്രങ്ങൾ സ്ഥലത്ത് എത്തിക്കുന്നതിന് പോലീസ് സംരക്ഷണം നഗരസഭയ്ക്ക് നൽകിയിരുന്നു. |
| സി) | പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് കോടതി നിർദ്ദേശിച്ചത് പ്രകാരമുള്ള പോലീസ് സംരക്ഷണം ലഭിച്ചിട്ടുണ്ടായിരുന്നുവോ ? | | |

സെക്ഷൻ ഓഫീസർ